# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1557- 14/07/2016 - ലെ മറുപടിക്ക്**

## വാർഷിക പദ്ധതി നടത്തിപ്പ് അവലോകനം

ചോദ്യം

ശ്രീ.എ.എം.ആരിഫ്
ശ്രീ.ബി.സത്യൻ
ശ്രീ.ആന്റണി ജോൺ
ശ്രീ.എം.നൗഷാദ്

**ഉത്തരം**

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്തെ വാർഷിക പദ്ധതി നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ; ഏതൊക്കെ വർഷങ്ങളിൽ പദ്ധതി ലക്ഷ്യം നേടി; വിശദാംശം അറിയിക്കുമോ; | മുൻ സർക്കാരിന്റെ കാലത്തെ വാർഷിക പദ്ധതി നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരമുള്ള പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (തുക കോടിയിൽ) |

| വർഷം | പദ്ധതി അടങ്കൽ | ബജറ്റ് എസ്റ്റിമേറ്റ്* | ചെലവഴിച്ചത്* | ചെലവഴിച്ച തുക ബജറ്റ് എസ്റ്റിമേറ്റിന്റെ അനുപാതത്തിൽ (%) |
|---|---|---|---|---|
| 2011-12 | 12010 | 11141.53 | 9141.99 | 82.05 % |
| 2012-13 | 14010 | 12627.37 | 10848.05 | 85.91 % |
| 2013-14 | 17000 | 16187.59 | 11108.81 | 68.63 % |
| 2014-15 | 20000 | 23342.69 | 14406.71 | 61.72 % |
| 2015-16 | 20000 | 21570.32 | 18059.05** | 83.72 % |

* LSGD ഒഴികെയും CSS ഉൾപ്പെടെയും
(**താല്കാലിക കണക്ക് പ്രകാരം)

| | | |
|---|---|---|
| (ബി) | പദ്ധതി ആസൂത്രണവും നിർവ്വഹണവും സമയബന്ധിതമായി നടത്തിയിരുന്നോ; നിലവിലെ രീതിയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഓരോ വർഷവും പദ്ധതി ആസൂത്രണം നടത്തുകയും അതിൻപ്രകാരം വിവിധ വകുപ്പ് സെക്രട്ടറിമാർ, വകുപ്പദ്ധ്യക്ഷൻമാർ എന്നിവരുമായി പദ്ധതി വിഹിതം സംബന്ധിച്ച് ചർച്ച നടത്തുകയും മേഖല, ഉപമേഖല, സ്കീം എന്നിവ തിരിച്ച് അടങ്കൽതുക വകയിരുത്തുകയും ചെയ്യുന്നു. നിലവിലെ രീതിയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പദ്ധതി നിർവ്വഹണം തൽസമയം നിരീക്ഷിക്കാനുള്ള നടപടിയെടുക്കാൻ സാധിക്കുമോ എന്നറിയിക്കുമോ? | പദ്ധതി നിർവ്വഹണം തൽസമയം നിരീക്ഷിക്കാനുള്ള നടപടിയെടുക്കാൻ സാധിക്കും. പദ്ധതി നിർവ്വഹണം സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിനുവേണ്ടി ഓരോ മാസവും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി അതാത് വകുപ്പ് സെക്രട്ടറിമാരുടെ പദ്ധതി അവലോകന യോഗം ചേരാറുണ്ട്. ഇതു കൂടാതെ ഓരോ പദ്ധതികൾക്കും വകയിരുത്തിയ പദ്ധതി വിഹിതവും അതിനു ചെലവായ തുകയും നിരീക്ഷിക്കുന്നതിന് "പ്ലാൻസ്പേസ്" എന്ന നിരിക്ഷണ സംവിധാനവും ആസൂത്രണ ബോർഡിൽ ഒരുക്കിയിട്ടുണ്ട്. ഇത് തുടർന്നും കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. |



*അക്കൗണ്ട്സ് ഓഫീസർ*